(എഫ്) നെൽവയലുകളും നീർത്തടങ്ങളും നികത്തിയ എത്ര കേസ്സുകളിൽ കോടതി ശിക്ഷ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2008 ആഗസ്റ്റ് 12 മുതൽ ഈ നിയമത്തിന് പ്രാബല്യമുണ്ട്.

(സി) 2008-ലെ നിയമം, വകുപ്പ് - 30 പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2008 ഡിസംബർ 24-ന് വിശദമായ ചട്ടങ്ങൾ രൂപീകരിച്ചതുകൂടാതെ 2009 മാർച്ച് 21-ലെ ജി.ഒ.(പി)നമ്പർ 139/2009/റവന്യൂ പ്രകാരം റവന്യൂ വകുപ്പിലെ അധികാരതയുള്ള ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ടും 2009 സെപ്റ്റംബർ 24-ലെ ജി.ഒ.(പി)നമ്പർ 370/2009/റവന്യൂ പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതികളിലേയ്ക്കുള്ള നാമനിർദ്ദേശത്തിന് സാധൂകരണം നൽകികൊണ്ടും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

(ഇ) പുതിയ ശുപാർശകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ നെൽവയൽ നികത്തുന്ന പ്രവണത

114 (5306) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ നെൽവയൽ നികത്തുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനധികൃതമായി നെൽവയൽ നികത്തിയവർക്കെതിരെ എന്ത് നടപടിയാണ് ഇപ്പോൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നെൽവയൽ നീർത്തട സംരക്ഷണ നിയമ പ്രകാരം ഏതെങ്കിലും കേസിൽ നികത്തിയ നെൽവയൽ പൂർവ്വ സ്ഥിതിയിൽ ആക്കിയിട്ടുണ്ടോ ;

(ഡി) കുന്നത്തുനാട് താലൂക്കിൽ വാഴക്കുളം വില്ലേജിൽ ബ്ലോക്ക് 23-ൽ സർവ്വേ 387-ൽപ്പെട്ട കല്ലേലി പാടശേഖരത്തിൽപ്പെട്ട നെൽവയൽ നികത്തിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) കല്ലേലി പാടശേഖരത്തിലെ ജലനിർഗ്ഗമനമാർഗ്ഗം തടസ്സപ്പെടുത്തി, ഈ നിലത്ത് കരിങ്കൽ മതിൽ നിർമ്മിക്കാൻ ഉടമ നടത്തുന്ന നീക്കം കർശനമായി തടയുന്നതിനും നികത്തിയ വയൽ പൂർവ്വസ്ഥിതിയിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷി ആഫീസറുടേയും മറ്റ് റവന്യൂ സബ് ആഫീസുകളുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കക്ഷികളെ വിചാരണ ചെയ്ത് നിരോധന ഉത്തരവ് നൽകുകയും 2008-ലെ കേരളാ നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലെ സെക്ഷൻ 13 പ്രകാരമുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(സി) കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽപ്പെട്ട സ്ഥലത്ത് അനധികൃതമായി നിലം നികത്തി റബ്ബർ തൈകൾ വച്ചത് നീക്കം ചെയ്ത് നിലം പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വാഴക്കുളം വില്ലേജിലെ സർവ്വേ 387/4-ൽപ്പെട്ട 10.10 ആർ നിലം പ്രസ്തുത നിലത്തിന്റെ ഉടമയായ ശ്രീമതി ഓമന പുരുഷോത്തമൻ, കൃഷി ആഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 17-3-2010-ൽ മൂവാറ്റുപുഴ ആർ.ഡി.ഒ. വിചാരണ ചെയ്ത് 9-4-2010-ൽ നിരോധന ഉത്തരവ് നൽകിയിട്ടുള്ളതും 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

(എഫ്) നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ നെൽവയലുകളെയും തണ്ണീർത്തടങ്ങളേയും സംബന്ധിച്ച ഡാറ്റാ ബാങ്ക്

115 (5307) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നെൽവയലുകളെയും തണ്ണീർത്തടങ്ങളെയും സംബന്ധിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഡാറ്റാ ബാങ്കിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ നെൽവയലുകളെയും തണ്ണീർത്തടങ്ങളെയും സംബന്ധിച്ച കരട് ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പരാതികളിൽ തീർപ്പ് കൽപ്പിച്ച് ഡാറ്റാബാങ്ക് അന്തിമമാക്കിയിട്ടില്ല.